**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3821** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ഭിന്നശേഷി പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മണിമല വില്ലേജിൽ കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംയോജിത പുനരധിവാസ ഗ്രാമം എന്ന പദ്ധതി കോട്ടയം ജില്ലയിലെ മണിമല വില്ലേജിൽ സ്ഥാപിക്കുന്നതിനായി പരിഗണിച്ചിരുന്ന 1.1475 ഹെക്ടർ സ്ഥലം സാമൂഹ്യനീതിവകുപ്പിനു കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ 80%-ന് മുകളിൽ പാറക്കെട്ടുകൾ നിറഞ്ഞതാണെന്നും വേനൽകാലത്ത് വെള്ളത്തിനു ക്ഷാമം ഉണ്ടാകുമെന്നും മേൽ സ്ഥലത്തേക്കുള്ള റോഡ് ഇടുങ്ങിയതാണെന്നും കോട്ടയം സബ് കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി സ്ഥലം ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ ചീഫ് ഇൻവെസ്റ്റിഗേറ്റർ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ഭൂമിയുടെ ഭൂപ്രകൃതിയും ആയതിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഇടുങ്ങിയ വഴിയും പ്രതിബന്ധം സൃഷ്ടിക്കും എന്നതിനാൽ നിർദ്ദിഷ്ട നിർമ്മാണത്തിന് പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് റിപ്പോർട്ട് ലഭിച്ചതായി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പകരം വെള്ളാവൂർ വില്ലേജിലുള്ള റവന്യൂ ഭൂമി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംയോജിത പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുവേണ്ടി മണിമല വില്ലേജിൽ കണ്ടെത്തിയ സ്ഥലത്തിനു മുൻപ് വെള്ളാവൂർ വില്ലേജിൽ ബ്ലോക്ക് നം. 27-ൽ ഉൾപ്പെട്ട 3 ഏക്കർ 18 സെന്റ് ഭൂമിയാണ് ആദ്യം പരിഗണിച്ചിരുന്നത്. പ്രസ്തുത ഭൂമി വകുപ്പിന് വിട്ടുകിട്ടുന്നതിനുവേണ്ടി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ പ്രവേശനക്ഷമതയും ഘടനയും ഉൾപ്പടെയുള്ള വിവിധ വിഷയങ്ങൾ ബാരിയർ ഫ്രീ കൺ സൾട്ടൻസി സെൽ മുഖാന്തരം പരിശോധിച്ചതിൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പുനരധിവാസഗ്രാമം ആരംഭിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയതായി സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ